അധ്യായം 97

## അൽഖദ്ർ (വിധിനിർണയ രാവ്)

അവതരണം മക്കയിൽ, സൂക്തങ്ങൾ 5

**അദ്ധ്യായ പരിചയം:**

**റമാദാനിലെ ഒരു രാത്രിയിലാണ്ഖുർആൻ അവതരണം ആരംഭിച്ചത്. അതിൻെറ അവതരണത്താൽ ആ രാത്രിക്ക് ആയിരം മാസങ്ങളെക്കാൾ ഔന്നത്യം കൈവരാൻ മാത്രം ഉന്നതമാണ് ആ ഗ്രന്ഥം എന്ന് ഈ അദ്ധ്യായം നമ്മെ ബോധ്യപ്പെടുത്തുന്നു. ആ രാവിലാണ് മനുഷ്യൻെറ ഭാഗധേയ നിർണയവുമായി ആകാശലോകത്തുനിന്ന് ദൈവകല്പനയാൽ മാലാഖമാർ ഇറങ്ങിവരികയെന്നും ഈ അദ്ധ്യായം വ്യക്തമാക്കുന്നു.**

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

إِنَّآ أَنزَلْنَٰهُ فِى لَيْلَةِ ٱلْقَدْرِ ﴿١﴾ وَمَآ أَدْرَىٰكَ مَا لَيْلَةُ ٱلْقَدْرِ ﴿٢﴾ لَيْلَةُ ٱلْقَدْرِ
خَيْرٌ مِّنْ أَلْفِ شَهْرٍ ﴿٣﴾ تَنَزَّلُ ٱلْمَلَٰٓئِكَةُ وَٱلرُّوحُ فِيهَا بِإِذْنِ رَبِّهِم مِّن
كُلِّ أَمْرٍ ﴿٤﴾ سَلَٰمٌ هِىَ حَتَّىٰ مَطْلَعِ ٱلْفَجْرِ ﴿٥﴾

**അർഥം:**

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

1. തീർച്ചയായും നാം അതിനെ (ഖുർആനിനെ) **ലൈലത്തുൽ ഖദ്റിൽ** അവതരിപ്പിച്ചു.
2. **ലൈലത്തുൽ ഖദ്ർ** എന്തെന്ന് നിനക്കെന്തറിയാം?
3. **ലൈലത്തുൽ ഖദ്ർ** ആയിരം മാസത്തെക്കാൾ **മഹത്തായതത്രെ.**
4. അതിൽ മലക്കുകളും ജിബ്രീലും ഇറങ്ങി വരുന്നു. സമസ്ത കാര്യങ്ങളെയും സംബന്ധിച്ച തങ്ങളുടെ നാഥൻെറ വിധിയുമായി.
5. പ്രഭാതം വരെ **അത്** തികച്ചും സമാധാനമായിരിക്കും.

### വിശദീകരണം

**നാം അതിനെ അവതരിപ്പിച്ചു എന്ന പ്രയോഗം ഖുർആനെക്കുറിച്ചാണ്. ഖുർആൻെറ അവരണത്തിന് നാന്ദി കുറിക്കപ്പെട്ടത് ലൈലത്തുൽ ഖദ്റിലാണ്. പ്രവാചകൻ മുഹമ്മദി(സ)ന് മലക്ക് ജിബ്രീൽ ആദ്യമായി ദിവ്യവെളിപാടുമായി വന്നത് റമദാനിലെ ഒരു രാത്രിയായിരുന്നു. അവസാനത്തെ പത്തിലെ ഏതോ ഒരു രാവിലായിരുന്നു അത്. ഈ രാത്രിയെയാണ് ലൈലത്തുൽ ഖദ്ർ എന്നു വിശേഷിപ്പിച്ചത്. ഖുർആനിൽ പലയിടത്തും അക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ലൈലത്തുൽ ഖദ്ർ എന്നാൽ വിധിനിർണയ രാവെന്നർഥം. മഹത്തായ വിശുദ്ധ രാവെന്ന് പരിഭാഷ നല്കിയ പണ്ഡിതന്മാരുമുണ്ട്.**

**ലൈലത്തുൽ ഖദ്ർ ഏത് രാത്രിയാണെന്ന് നിർണയിക്കാൻ സാധിക്കില്ല. പ്രപഞ്ചസ്രഷ്ടാവ് അത് നമ്മെ ഒരു രീതിയിലൂടെയും അറിയിച്ചിട്ടില്ല. എന്നാൽ റമദാനിലെ അവസാന പത്ത് രാവുകളിലെ ഒറ്റയായ ഏതെങ്കിലും ഒരു രാവിലാണെന്നാണ് പ്രവാചക വചനങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാകുന്നത്. നബിയുടെ അനുചരരിൽ അത് 27-ാം നാളിലാണെന്ന് അഭിപ്രായപ്പെട്ടവരുണ്ട്, 29-ാം നാളിലാണെന്ന് അഭിപ്രായപ്പെട്ടവരുമുണ്ട്.**

**ആ രാവ് ഒരു പുരുഷായുസ്സിനെക്കാൾ ശ്രേഷ്ഠമാണ്. എണ്ണത്തിൻെറ ആധിക്യത്തെ കുറിക്കാൻ പഴയ കാല അറബികൾ ഉപയോഗിച്ചിരുന്ന പ്രയോഗമാണ് ആയിരം എന്നത്. അതായത്, ഒരു പുരുഷായുസ്സ് കൊണ്ടും നേടാനാകാത്ത പുണ്യം നേടാനാകുന്ന രാവാണത് എന്നർഥം. വിശ്വാസിക്ക് തൻെറ കുറ്റങ്ങളിൽനിന്ന് മുക്തനാകാനും കൂടുതൽ പുണ്യം കരസ്ഥമാക്കി തൻെറ ഉടമയോട് അടുക്കുവാനും സ്രഷ്ടാവ് ചെയ്ത സംവിധാനമാണത്. ആ രാവിൽ ജിബ്രീലും മലക്കുകളും ദൈവാജ്ഞയും കൊണ്ട് ഭൂമിയിലേക്ക് ഇറങ്ങിവരും. മനുഷ്യരുടെ ഭാഗധേയമാണതു കൊണ്ട് അർഥമാക്കുന്നത്. ആ രാവ് പൂർണമായും പ്രഭാതം വരെ അനുഗ്രഹപൂർണവും ശാന്തി നിറഞ്ഞതുമായിരിക്കും.**